"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സർക്കുലർ

നം. ഡി.സി.1/188/2020/ത.സ്വ.ഭ.വ
തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം
തീയതി: 20/04/2020

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് 19 - ശുചീകരണ പ്രവർത്തനങ്ങളും അണുവിമുക്തമാക്കൽ നടപടികളും - മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

സൂചന
1. സ.ഉ.(കൈ) നം.55/2020/തസ്വഭവ, തീയതി: 20.03.2020
2. സർക്കുലർ നം.ഡി.ഡി.1/71/2020/തസ്വഭവ, തീയതി 26.03.2020
3. ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്- 2016.
4. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ നം.ബി.31011/BMW(94)/2020 WM-1, തീയതി: 25.03.2020 പ്രകാരം കോവിഡ്-19 രോഗികളുടെ മാലിന്യം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗരേഖ.
5. കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയത്തിന്റെ 26.03.2020ലെ മാർഗ്ഗ നിർദ്ദേശങ്ങൾ.

പരാമർശ പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടേയും ബന്ധപ്പെട്ട ഏജൻസികളുടേയും മാർഗനിർദ്ദേശങ്ങൾ പ്രകാരം കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ചും കോവിഡ് മാലിന്യ സംസ്കരണം സംബന്ധിച്ചും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ തുടർ പ്രവർത്തനമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുവടെ പറയുന്ന മാലിന്യ സംസ്കരണ അണുനശീകരണ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ട താണ്

1. **കമ്മ്യൂണിറ്റി കിച്ചണുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ**

- കമ്മ്യൂണിറ്റി കിച്ചണുകളിൽ ദിനംപ്രതി ഉണ്ടാവുന്ന ജൈവമാലിന്യം അവിടെതന്നെ വളമാക്കി മാറ്റുന്നതിനും അജൈവ വസ്തുക്കൾ തരംതിരിച്ച് സംഭരിക്കുന്നതിനും ഒന്നിടവിട്ട ദിവസങ്ങളിൽ അണുനാശിനി തളിച്ച് ശുചീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
- കൊതുകുകൾ മുട്ടയിട്ട് പെരുകുന്നതിനുള്ള സാഹചര്യം, ക്ഷുദ്ര ജീവികളുടെ സമ്പർക്കം എന്നിവ തീർത്തും ഒഴിവാക്കേണ്ടതും വെള്ളം കെട്ടിനിൽക്കാതെ അവ താത്ക്കാലിക സോക്കേജ് പിറ്റുകൾ നിർമ്മിച്ച് അതിലേക്ക് ഒഴുക്കേണ്ടതുമാണ്.

- പ്രസ്തുതയിടങ്ങളിലെ ശുചിമുറികൾ, പരിസരം എന്നിവിടങ്ങളിൽ അണുനശീകരണം നടത്തേണ്ടതും കൊതുക് നിവാരണ പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

2. **കോവിഡ് കെയർ സെന്ററുകളിലേയും ക്വാറന്റെൻ കേന്ദ്രങ്ങളിലെയും ശുചീകരണ പ്രവർത്തനങ്ങൾ**

   - കോവിഡ് കെയർ സെന്ററുകൾ, ക്വാറന്റെൻ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മാലിന്യം തരംതിരിച്ച് അണുവിമുക്തമാക്കി സംസ്കരിക്കുന്നതിന് ആരോഗ്യവകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കേണ്ടതാണ്.
   - ബയോമെഡിക്കൽ മാലിന്യത്തിൽപ്പെടാത്ത അജൈവ വസ്തുക്കൾ അണുവിമുക്തമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കേണ്ടതും ലോക്ക്ഡൗണിന് ശേഷം ക്ലീൻകേരള കമ്പനിക്ക് കൈമാറേണ്ടതുമാണ്.
   - കോവിഡ് കെയർ സെന്ററുകൾ ശുചീകരിക്കുന്നതിനും അണു വിമുക്തമാക്കി സൂക്ഷിക്കുന്നതിനും ആരോഗ്യ വകുപ്പുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവിടങ്ങളിലെ എല്ലാത്തരം മാലിന്യങ്ങളും നീക്കം ചെയ്യേണ്ടതും കൊതുക് നിവാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

3. **പൊതുചന്തകളിലേയും താത്കാലിക വിപണന കേന്ദ്രങ്ങളിലെയും മാലിന്യ സംസ്കരണം**

   - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പൊതു ചന്തകൾ, താത്കാലിക വിപണന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ദിവസവും അണുനശീകരണം നടത്തേണ്ടതാണ്.
   - പ്രസ്തുത ഇടങ്ങളിലുണ്ടാകുന്ന ജൈവ-അജൈവമാലിന്യങ്ങൾ തരംതിരിച്ച് അണുവിമുക്തമാക്കി സംഭരിക്കുന്നതിനും ജൈവമാലിന്യം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പൊതു കമ്പോസ്റ്റിങ്ങ് (തുമ്പൂർമൂഴി, ബോഗ്യാസ്, വിൻഡ്രോ പ്ലാന്റുകൾ) സംവിധാനത്തിൽ വളമാക്കേണ്ടതുമാണ്.
   - അജൈവമാലിന്യം തരംതിരിച്ച് ക്ലീൻകേരള കമ്പനിക്ക് കൈമാറേണ്ടതാണ്.
   - പൊതു ചന്തകളിൽ മലിനജലം സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വെള്ളം കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. അത്തരം സ്ഥലങ്ങളിൽ അണുനാശിനികൾ നിശ്ചിത ഇടവേളകളിൽ തളിക്കേണ്ടതാണ്.
   - മഴക്കാലത്തിന് മുന്നോടിയായി പൊതു ചന്തകളിലെ ഓടകൾ, മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അണുനശീകരണം, കൊതുക് നിവാരണം, ക്ഷുദ്രജീവികളെ ഒഴിവാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   - ലോക്ക്ഡൗൺ കാലയളവിൽ ഉപയോഗിക്കപ്പെടാതെ കിടന്ന ശുചിമുറികൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക ശുചീകരണ പ്രവർത്തനങ്ങളും

അണുനശീകരണവും നടത്തേണ്ടതാണ്. ഇവിടങ്ങളിലെ മാലിന്യം അണുവിമുക്തമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പരിപാലിക്കേണ്ടതാണ്.

4. **സർക്കാർ ഓഫീസുകൾ/പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ**

**i. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ**

- ലോക്ക്ഡൗൺ കാലയളവിൽ ഉപയോഗിക്കപ്പെടാതെ കിടന്ന സർക്കാർ ഓഫീസുകൾ/പൊതു സ്ഥാപനങ്ങൾ എന്നിവയുടെ ശുചീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം നടപടികൾ സ്വീകരിക്കേണ്ടതും ഓഫീസ് മേധാവികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.
- ഓഫീസ് പരിസരം, ഓഫീസുകൾക്ക് ഉൾവശം എന്നിവിടങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അണുനശീകരണം നടത്തേണ്ടതാണ്.
- എല്ലാ സ്ഥാപനങ്ങളിലും ഫോഗിംഗ് നടത്തേണ്ടതാണ്
- ആഴ്ചയിലൊരിക്കൽ കൊതുക് നശീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതും ഡ്രൈഡേ ആചരിക്കുന്നതിന് ഓഫീസ് മേധാവികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

**ii. ഓഫീസ് മേധാവികളുടെ ചുമതലകൾ**

- വാട്ടർ ക്ലോസറ്റുകൾ, വെള്ളം കെട്ടിനിൽക്കാൻ ഇടയുള്ള സ്ഥലങ്ങൾ, ഷെയ്ഡുകൾ, ഫ്രിഡ്ജ്, വാട്ടർകൂളർ/എയർ കണ്ടീഷണറിൽ നിന്നുള്ള വെള്ളം, ഉപയോഗിക്കാത്ത വാഹനങ്ങൾ, വാട്ടർ ടാങ്ക്, ചെടിചട്ടികൾ എന്നിവിടങ്ങളിൽ ശുചീകരണവും കൊതുക് നശീകരണ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.
- ഓഫീസ് പരിസരം, ഓഫീസുകൾക്ക് ഉൾവശം എന്നിവ വൃത്തിയാക്കുന്നതിന് ഓഫീസ് മേധാവികൾ ശുചീകരണ വിഭാഗം ജീവനക്കാരെ ഏകോപിപ്പിക്കേണ്ടതാണ്.
- ജീവനക്കാർ ഉപയോഗിക്കുന്ന മേശ, അലമാര, ഫയലുകൾ മറ്റ് സ്റ്റേഷനറി വസ്തുക്കൾ എന്നിവ അണുവിമുക്തമാക്കുന്നതിന് അതാത് ജീവനക്കാർക്ക് നിർദ്ദേശം നൽകേണ്ടതും അണുനാശിനി ലഭ്യമാക്കേണ്ടതുമാണ്.
- ക്ഷുദ്ര ജീവികളുടെ സമ്പർക്കം, വിസർജ്ജ്യ വസ്തുക്കൾ എന്നിവ കാണപ്പെടുന്നയിടങ്ങളിൽ പ്രത്യേകം അണുനാശിനി ഉപയോഗിച്ച് വൃത്തിയാക്കേണ്ടതാണ്.
- ലോക്ക്ഡൗണിനുശേഷം ഓഫീസ് തുറക്കുമ്പോൾ പൊതു അണുനശീകരണ പ്രവർത്തനങ്ങൾക്ക് ശേഷം ജീവനക്കാരുടെ കൂടെ സഹകരണത്തിൽ പൊതുശുചീകരണം കൊതുക് നിവാരണ യജ്ഞം എന്നിവ സംഘടിപ്പിക്കുന്നതിന് അതാത് സ്ഥാപന മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

- ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ കർശനമായും സുരക്ഷാ സംവിധാനങ്ങൾ ഉപയോഗിക്കേണ്ടതാണ് (ഗ്ലൗസ്, മാസ്ക് മുതലായവ)
- കൈ സോപ്പിട്ട് കഴുകുന്നതിനുള്ള സൗകര്യം, സാനിറ്റൈസർ, എന്നിവ ഓഫീസുകളിൽ സജ്ജീകരിക്കേണ്ടതാണ്
- വാതിലുകളുടെ പിടി, ലിഫ്റ്റ് ബട്ടൺ, കൈപ്പടികളുടെ കമ്പികൾ, ഇരിപ്പിടങ്ങളുടെ കൈവരികൾ എന്നിവ നിശ്ചിത ഇടവേളകളിൽ അണുനശീകരണം നടത്തേണ്ടതാണ്.

5. **പ്ലാസ്റ്റിക്ക്/ഫോയിൽ/ പ്ലാസ്റ്റിക്ക് ലൈനിംഗുള്ള പായ്ക്കിംഗ് വസ്തുക്കൾ**

- ക്വാറന്റൈൻ കേന്ദ്രങ്ങൾ, സമൂഹ അടുക്കള തുടങ്ങിയ ഇടങ്ങളിൽ പ്ലാസ്റ്റിക്ക് വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പ്ലാസ്റ്റിക്ക് ലെയറിംഗുള്ള ഫോയിൽ കവറുകൾ, കട്ടികുറഞ്ഞ പ്ലാസ്റ്റിക്ക് പായ്ക്കിംഗ് ഉള്ള കവറുകൾ എന്നിവയുടെ ഉപയോഗം ഒഴിവാക്കേണ്ടതാണ്. പകരം പ്രകൃതി സൗഹൃദ പായ്ക്കിംഗ് വസ്തുക്കൾ ഉപയോഗിക്കേണ്ടതാണ്.
- ഉപയോഗിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ കഴുകി ഉണക്കി അണു വിമുക്തമാക്കി പുനഃചംക്രമണത്തിനായി ക്ലീൻകേരള കമ്പനിക്ക് നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

6. **ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കുള്ള സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കൽ**

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശുചീകരണ വിഭാഗം ജീവനക്കാർ, ഹരിതകർമ്മസേനാംഗങ്ങൾ, സർക്കാർ/പൊതു സ്ഥാപനങ്ങളിലെ ഹൗസ്കീപ്പിംഗ്/പാർട്ട്ടൈം/ഫുൾടൈം ജീവനക്കാർ എന്നിവർക്ക് അതാത് സ്ഥാപന മേധാവികൾ ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കേണ്ടതാണ്.
- മാലിന്യം ശേഖരിക്കുകയും ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന ജീവനക്കാർ നിർബന്ധമായും കൈമുട്ടുവരെ നീളുന്ന റബർ ഗ്ലൗസുകൾ, മാസ്ക്, പാദസുരക്ഷ കവചങ്ങൾ എന്നിവ ധരിക്കേണ്ടതാണ്.
- നിരീക്ഷണ കേന്ദ്രങ്ങൾ, കോവിഡ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ പാഴ് വസ്തുക്കൾ ശേഖരിക്കുന്ന ഹരിതകർമ്മസേനാംഗങ്ങൾക്ക് അണുനാശിനി നിറച്ച ഹാൻഡ്സ്പ്രെയറുകൾ ലഭ്യമാക്കേണ്ടതും ഹരിതകർമ്മസേനാംഗങ്ങൾ പാഴ്വസ്തുക്കളിൽ അണുനാശിനി തളിച്ചതിന് ശേഷം മാത്രം അവ വീടുകളിൽ നിന്ന് സുരക്ഷിതമായി നീക്കം ചെയ്യേണ്ടതുമാണ്.
- രോഗലക്ഷണം ഉള്ളവർ ഒരു കാരണവശാലും ജോലിക്ക് ഇറങ്ങുവാൻ പാടുള്ളതല്ല
- ജീവനക്കാർ മാലിന്യം ശേഖരിക്കുന്നയിടങ്ങളിലെ വീട്ടുകാരിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും സാമൂഹിക അകലം പാലിക്കേണ്ടതാണ്.

7. **വീടുകളിലെ മാലിന്യ സംസ്കരണം**

- ലോക്ക്ഡൗൺ കാലയളവിൽ വീടുകളിൽ രൂപപ്പെടുന്ന ജൈവമാലിന്യം അതാതിടങ്ങളിൽ തന്നെ വളമാക്കി മാറ്റുന്നതിനും അജൈവ വസ്തുക്കൾ തരംതിരിച്ച് കഴുകി ഉണക്കി വൃത്തിയാക്കി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
- ഇതിലേക്ക് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനാവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
- ലോക്ഡൗൺ കാലാവധിക്ക് ശേഷം അജൈവ വസ്തുക്കൾ വീടുകളിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അണുവിമുക്തമാക്കി ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകേണ്ടതാണ്.
- ഓരോ വീടുകളിലും കൊതുക് നിവാരണ പ്രവർത്തനങ്ങൾ അണുനശീകരണം എന്നിവ നടത്തുന്നതിന് വീട്ടുകാരുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.
- മലിനജലം, മഴവെള്ളം എന്നിവ കെട്ടിക്കിടക്കാതിരിക്കുന്നതിന് ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിക്കാൻ നിഷ്കർഷിക്കേണ്ടതാണ്.
- നിശ്ചിത ഇടവേളകളിൽ ഓരോ വീടുകളിൽ നിന്നും അജൈവ വസ്തുക്കൾ അണുവിമുക്തമാക്കി ശേഖരിക്കേണ്ടതാണ്.
- ജൈവ അജൈവമാലിന്യങ്ങൾ കത്തിക്കുകയോ, പൊതുയിടങ്ങളിലോ, ജലസ്രോതസ്സുകളിലോ നിക്ഷേപിക്കുന്നവരെ കണ്ടെത്തി കർശന നിയമ നടപടികൾക്ക് വിധേയമാക്കേണ്ടതാണ്.
- വീടുകൾ, ഫ്ളാറ്റുകൾ എന്നിവിടങ്ങളിൽ സംഭരിച്ച് വച്ചിട്ടുള്ള സാനിട്ടറി ഡൈപ്പറുകൾ നാപ്കിനുകൾ എന്നിവ ആരോഗ്യവകുപ്പിന്റെ പ്രോട്ടോക്കോൾ പ്രകാരം ശേഖരിച്ച് ഇമേജിന് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

8. **പുനരുപയോഗ/പുനഃചംക്രമണ യോഗ്യമല്ലാത്ത മാലിന്യങ്ങൾ**

- പുനരുപയോഗ/പുനഃചംക്രമണ യോഗ്യമല്ലാത്ത മാലിന്യങ്ങൾ തദ്ദേശസയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അതാതിടങ്ങളിൽ നിന്ന് സംഭരിക്കേണ്ടതും അവ സംസ്കരിക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതുമാണ്
- ക്ലീൻകേരള കമ്പനി/കേരള എൻവിറോ ഇൻഫ്രാസ്ക്രച്ചർ ലിമിറ്റഡ് (KEIL) തുടങ്ങിയ സ്ഥാപനങ്ങൾ വഴി ബയോമൈനിംഗിന് കൈമാറാവുന്നതാണ്
- സാനിട്ടറി ലാന്റ്ഫില്ലിങ്ങ് സ്ഥലമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത്തരത്തിൽ സംസ്കരണം നടത്തേണ്ടതാണ്.

9. **കടകൾ/മാളുകൾ/വ്യാപാര സ്ഥാപനങ്ങൾ**

- ലോക്ക് ഡൗണിന്റെ ഭാഗമായി അടച്ചിട്ടിരിക്കുന്ന സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് അണുനശീകരണം നടത്തുന്നിന് നടപടി സ്വീകരിക്കുക.
- കേടായ ഭക്ഷ്യവസ്തുക്കളിൽ നിന്നും പായ്ക്കിംഗ് മാറ്റി അവ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനത്തിലേക്കു മാറ്റുന്നതിനും പ്ലാസ്റ്റിക്ക് വസ്തുക്കൾ കഴുകി ഉണക്കി ശേഖരിക്കുന്നതിനും നടപടി സ്വീകരിക്കുക.
- ക്ഷുദ്രജീവികളുടെ ശല്യമുള്ളയിടങ്ങളിൽ ശുചീകരണത്തിന് മുമ്പ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് വ്യാപാരികൾക്ക് നിർദ്ദേശം നൽകുക.
- ഉപയോഗ ശൂന്യമായ മറ്റ് പാഴ്‌വസ്തുക്കൾ വ്യാപാരികളിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് പുനരുപയോഗിക്കുവാൻ പറ്റുന്നവ ഹരിതകർമ്മസേന വഴി ഉപയോഗപ്പെടുത്തേണ്ടതും അല്ലാത്തവ ബയോമൈനിംഗിന് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറേണ്ടതുമാണ്.
- കേടായ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനും പുനരുപയോഗിക്കാവുന്നവ കൈമാറ്റം ചെയ്യുന്നതിനുമായി റിപ്പയർ/സ്വാപ്പ് ഷോപ്പ് ലോക്ക്ഡൗണിന് ശേഷം സംഘടിപ്പിക്കാവുന്നതാണ്.
- കൂട്ടികലർത്തിയ മാലിന്യം ഒരു കാരണവശാലും പുറംതള്ളുന്നതിന് അനുവദിക്കുവാൻ പാടുള്ളതല്ല. അത്തരക്കാർക്ക് എതിരെ കർശന നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

10. **വിവര വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ**

മേൽ നിർദ്ദേശങ്ങൾ സന്ദേശരൂപത്തിൽ ജനങ്ങളിലെത്തിക്കുന്നതിന് മൈക്ക് അനൗൺസ്മെന്റ് നൽകാവുന്നതാണ്.

- പ്രാദേശിക ചാനലുകൾ മുഖേന ചെറു വീഡിയോകൾ, സ്ക്രോളിംഗ് ന്യൂസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷർ നേരിട്ട് നൽകുന്ന സന്ദേശങ്ങൾ എന്നിവ നൽകാവുന്നതാണ്.
- നവമാധ്യമങ്ങളെ പ്രയോജനപ്പെടുത്തികൊുള്ള പ്രചരണ പരിപാടികൾ ചെയ്യാവുന്നതാണ്.

**ശാരദ മുരളീധരൻ**

പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ, ഹരിതകേരളം മിഷൻ

2. പഞ്ചായത്ത് ഡയറക്ടർ

3. നഗരകാര്യ ഡയറക്ടർ

4. ഗ്രാമവികസന കമ്മീഷണർ

5. എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

6. എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

7. എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

8. എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ മുഖേന)

9. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

10. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

11. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്.

12. ഡയറക്ടർ, ആരോഗ്യ വകുപ്പ്.

13. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

14. ചീഫ് ടൗൺ പ്ലാനർ, നഗര ഗ്രാമാസൂത്രണ വകുപ്പ്

15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,

16. ഡയറക്ടർ ജനറൽ, കില

17. എല്ലാ ജില്ലാ കളക്ടർമാർക്കും.

18. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി

19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

20. ഡയറക്ടർ, ഐ&പി.ആർ.ഡി/വെബ്&ന്യൂമീഡിയ, തിരുവനന്തപുരം.

21. കരുതൽ ഫയൽ/ഓഫീസ് കോപ്പി